**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6189** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യ്ക്ക് കിട്ടാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. യ്ക്ക് കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | 31.12.2022-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 3030.53 കോടി രൂപയാണ്.<br><br>ജില്ലാ അടിസ്ഥാനത്തിലുള്ള കുടിശ്ശിക വിവരം **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | കുടിശിക തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതിന് പകരം വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് ബോർഡ് ശിപാർശ ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക (ഡിസ്കണക്ഷൻ), തുടർന്നും അടവ് വരുത്താത്തപക്ഷം കണക്ഷൻ സ്ഥായിയായി വിച്ഛേദിച്ച് (ഡിസ്മാന്റിൽ) റവന്യൂ റിക്കവറി നടപടി സ്വീകരിക്കുക തുടങ്ങി റെഗുലേഷൻ അനുശാസിക്കുന്ന നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി സർക്കാരും കെ.എസ്.ഇ.ബി.എൽ -ഉം ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ വിവിധ ലീഗൽ ഫോറങ്ങളിലും കോടതികളിലുമായി നിൽക്കുന്ന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ കാര്യത്തിൽ ബഹു.കോടതികളുടെ തീർപ്പനുസരിച്ചു മാത്രമേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് മുന്നോട്ട് പോകാൻ സാദ്ധ്യമാകുകയുള്ളൂ.<br><br>കെ.എസ്.ഇ.ബി.എൽ-ൽ നിലവിലുള്ള സമ്പ്രദായത്തിൽ ഉപഭോക്താക്കൾക്ക് ബില്ല് നൽകുമ്പോൾ തന്നെ മുഴുവൻ തുകയും (ഉപഭോക്താവ് അടച്ചാലും ഇല്ലെങ്കിലും) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വരുമാനമായി കണക്കാക്കുന്നു. |

| | | | |
|---|---|---|---|
| | | | അതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതും വൈദ്യുതി നിരക്ക് വർദ്ധനവുമായി നേരിട്ട് ബന്ധമില്ല. എന്നാൽ കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നത് പലിശ ഭാരം കുറയ്ക്കുന്നതാണ്.<br><br>സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരളാ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ ചട്ടം 85(5) പ്രകാരം താരിഫ് നിർണ്ണയിക്കുന്നത് വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ്.<br><br>വൈദ്യുതിയുടെ ശരാശരി വില റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിക്കുന്ന അടുത്ത വർഷങ്ങളിലേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതിനിയമം 2003, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തി വരവ് ചെലവ് കണക്കുകൾ നിർണയിച്ചാണ് റവന്യൂ കമ്മി തീരുമാനിക്കുന്നത്.<br><br>ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം, തേയ്മാന ചിലവുകൾ (Depreciation), മുടക്ക് മുതലിനുള്ള ലാഭ വിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും.<br><br>ലൈസൻസിയുടെ വരവ് എന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ വൈദ്യുതി ചാർജ് ആയി അടുത്ത വർഷങ്ങളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. വരവ് ചെലവ് ഇനങ്ങൾ തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മിയായി കണക്കാക്കുന്നത്. ടി കമ്മി അടുത്ത വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്തി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കെ.എസ്.ഇ.ബി.എല്ലിന് ജില്ലാടിസ്ഥാനത്തിൽ പിരിഞ്ഞ്കിട്ടാനുള്ള കുടിശ്ശിക വിവരം

| District Wise Arrear Details | |
|---|---|
| **District** | **Arrear as on 31.12.2022 (തുക കോടിയിൽ)** |
| TVPM | 292.4192524 |
| Kollam | 191.7657559 |
| Pathanamthitta | 102.1825481 |
| Kottayam | 206.6798691 |
| Alappuzha | 221.7897126 |
| Ernakulam | 582.1978252 |
| Idukki | 102.9146786 |
| Thrissur | 213.3731798 |
| Palakkad | 459.2871017 |
| Malappuram | 161.3978603 |
| Kozhikode | 182.6067701 |
| Wayanad | 43.22263898 |
| Kannur | 213.6601084 |
| Kasaragod | 57.03498189 |
| **Grand Total** | **3030.53228307** |

സെക്ഷൻ ഓഫീസർ